**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

## <u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>

## <u>തിരുവനന്തപുരം</u>

വിഷയം:- ആരോഗ്യവകുപ്പ് – ഡോ.സുമി കെ എസ് , അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.**എ1-**4106/2024/**ജിമെആ പത്തനംതിട്ട തീയതി. **15.10.2024**

**2.** കാരണം കാണിക്കൽ നോട്ടീസ് നം **DHS/1351/2025-EA5** തീയതി **31.10.2025**

**3.** ഡോ.സുമി കെ എസ് സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തീയതി **14.11.2025**

**4.** ഇ എ **5-13555/2024/DHS dtd.18.07.2024**

## <u>ഉത്തരവ് നം. **DHS/1351/2025-EA 5** തീയതി.**20-01-2026**</u>

**(1)** ഡോ.സുമി കെ എസ് (**Dr.Sumi K S**), **25.02.2021** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പത്തനംതിട്ട വെച്ചൂച്ചിറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ **02.05.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം **(1)**

പ്രകാരം പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി . ആയതിന് പരാമർശം 3 പ്രകാരം ഡോ.സുമി കെ എസ് മറുപടി സമർപ്പിച്ചിരിക്കുന്നു.

(2) ഡോ .സുമി കെ എസ് , അസിസ്റ്റന്റ് സർജൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. അവധി അപേക്ഷയിൻമേൽ തീരുമാനം അറിയിക്കുന്നതിനു മുൻപായി സർവ്വീസിൽ നിന്നും വിടുതൽ ചെയ്തെന്നും , കൂടാതെ മറ്റൊരു ജോലിക്കായല്ല വിദേശത്തു പോയതെന്നും Old age Psychiatry യിൽ training and experience നു വേണ്ടിയാണ് പോയതെന്നും രേഖപ്പെടുത്തിയിരിക്കുന്നു . ഡോക്ടർക്ക് എതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കണമെന്നും , വിട്ടുനിൽക്കുന്ന കാലയളവ് Appendix XII B-പ്രകാരം അവധി അനുവദിക്കണം എന്നുമാണ് കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകിയിരിക്കുന്നത് .U.K- ൽ പ്രസ്തുത വിഷയത്തിൽ പഠനം നടത്തുകയാണ് എന്നും ഡോക്ടർ രേഖപ്പെടുത്തിയിരിക്കുന്നു .

(3) ഡോ.സുമി കെ എസ് 2 വർഷത്തേക്ക് LWA for personal purpose എന്ന് കാണിച്ച് അവധി അപേക്ഷ സമർപ്പിച്ചിരുന്നു. വ്യക്തമായ കാരണം കാണിക്കാതെ domestic/personal/private affairs എന്നിങ്ങനെ കാണിച്ച് ലഭിക്കുന്ന ദീർഘകാലത്തേക്കുള്ള ശൂന്യ വേതന അവധി അപേക്ഷകൾ നിരസിക്കണമെന്ന Cir No. 36/94/Fin dated. 14.06.1994 , 29953/E1/2011/H&FWD dtd.01.08.2011 എന്നിവയിലെ സർക്കാർ നിർദ്ദേശം പ്രകാരം പ്രസ്തുത അവധി അപേക്ഷ പരാമർശം 4 പ്രകാരം നിരസിച്ചിരുന്നു .

(4)പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനുള്ള താത്കാലിക തീരുമാനത്തിനെതിരെ പ്രസക്തമായ വാദങ്ങളൊന്നും ബോധിപ്പിക്കുന്നതിന് ഡോ.സുമി കെ എസ് ന് കഴിഞ്ഞിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി

ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ പരാമർശം (3) ലെ അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ടി സാഹചര്യത്തിൽ **02.05.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.സുമി കെ എസ് **(Dr.Sumi K S)** അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(5)** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.സുമി കെ എസ് **(Dr.Sumi K S)** അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 20-01-2026 12:15:39

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr.Sumi K S ,Anu Bhavan , Kunnumpuram ,**

**Thrikodithanam P O ,Changanacherry ,Kottayam Pin-**

**686105**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),പത്തനംതിട്ട
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,സാമൂഹികാരോഗ്യ കേന്ദ്രം വെച്ചൂച്ചിറ പത്തനംതിട്ട(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ